

ഏക്മ്യ
The TRUE Campus STORY

കേരള സർവകലാശാല കലോത്സവം
2023 മെയ് 5-9 അമ്പലപ്പുഴ

എഴുത്ത്
എസ് ഗീതാഞ്ജലി
ടി ഹരി
അജ്നാസ് അഹമ്മദ്
വി പ്രതാപ്

ചിത്രം
കെ എസ് ആനന്ദ്
മിഥുൻ അനില മിത്രൻ



കെ എസ് സേതുലക്ഷ്മി കുച്ചുപ്പുടി ഒന്നാം സ്ഥാനം (സെന്റ്. മൈക്കിൾസ് കോളേജ്, ചേർത്തല)

# എതിരില്ലാതെ മാർ ഇവാനിയോസ്

കേരള സർവകലാശാലാ കലോത്സവം കൊടിയിറങ്ങാൻ ഒരുദിനം മാത്രം ശേഷിക്കെ 228 പോയിന്റുമായി തിരുവനന്തപുരം മാർ ഇവാനിയോസിന്റെ മുന്നേറ്റം. 161 പോയിന്റോടെ യൂണിവേഴ്സിറ്റി കോളേജ് രണ്ടാമതും ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജ് (137) മൂന്നാമതുമാണ്. ആദ്യ 11 സ്ഥാനങ്ങളിൽ പത്തിലും തിരുവനന്തപുരം ജില്ലയിലെ കോളേജുകളാണ്.

ഗവ. വിമെൻസ് (73), കാര്യവട്ടം ക്യാമ്പസ് (66), കൊല്ലം എസ്എൻ കോളേജ് (41), ഗവ. ലോ കോളേജ് (40), എ ജെ കോളേജ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി (40), ഗവ. ആർട്സ് (33), സിഎച്ച്എംഎം കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് (29), എസ്എൻ കോളേജ് (28) എന്നിവയാണ് ആദ്യ പതിനൊന്നിലുള്ള മറ്റ് കോളേജുകൾ.

കലാതിലകം, കലാപ്രതിഭ പുരസ്കാരങ്ങൾക്ക് പുറമെ ഈ വർഷംമുതൽ കൂടുതൽ വ്യക്തിഗത പോയിന്റ് നേടുന്ന ട്രാൻസ്ജെൻഡർ വിദ്യാർഥിക്ക് കലാരത്ന പുരസ്കാരവും സാഹിത്യത്തിൽ സുകുമാർ അഴീക്കോട് മെമ്മോറിയൽ എവർറോളിങ് ട്രോഫിയും നാടൻപാട്ടിന് കലാഭവൻ മണി മെമ്മോറിയൽ എവർറോളിങ് ട്രോഫിയും സമ്മാനിക്കും.

## പട്ടാഭിഷേകത്തിന് സേതുലക്ഷ്മിയും നന്ദകിഷോറും



സേതുലക്ഷ്മി



നന്ദകിഷോർ

ചേർത്തല സെന്റ് മൈക്കിൾസിലെ സേതുലക്ഷ്മി കലാതിലകം പട്ടവും തിരുവനന്തപുരം മാർ ഇവാനിയോസിന്റെ നന്ദകിഷോർ കലാപ്രതിഭ പട്ടവും ഉറപ്പിച്ചു. മത്സരിച്ച ഏഴിനങ്ങളുടെയും ഫലം വന്നപ്പോൾ 33 പോയിന്റുമായാണ് നന്ദകിഷോർ ഒന്നാമതെത്തിയത്. സേതുലക്ഷ്മി അഞ്ചിനങ്ങളിലായി 25 പോയിന്റ് നേടിയാണ് മുന്നിട്ട് നിൽക്കുന്നത്. ഭരതനാട്യം, നാടോടിനൃത്തം ഇനങ്ങളുടെ ഫലം വരാനുണ്ട്.



നിധി ഉദയ്, കുച്ചുപ്പുടി ഗേൾസ് ഒന്നാംസ്ഥാനം (സെന്റ് ജോൺസ് കോളേജ് അഞ്ചൽ, കൊല്ലം)



ഭരതനാട്യം മത്സരവേദിയിൽ സെൽഫിയെടുക്കുന്ന വിദ്യാർഥിനികൾ

## എണ്ണാമെങ്കിൽ എണ്ണിക്കോ...

മത്സരമെന്നു പറഞ്ഞാൽ ദിതാണ്. പൊരിഞ്ഞ പോരാട്ടമായിരുന്നു. ഒന്നാം സ്ഥാനം ഒരുപാടുപേർ കൊണ്ടുപോയി. വഞ്ചിപ്പാട്ടിൽ ഏഴു ടീമാണ് ഒന്നാമതായി തുഴഞ്ഞെത്തിയത്. ദഫ്മുട്ടിൽ അഞ്ചു ടീമും ഒന്നാംസ്ഥാനം പങ്കിട്ടു. തിങ്കളാഴ്ച നടന്ന ദഫ്മുട്ട് മത്സരത്തിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, മാർ ഇവാനിയോസ് കോളേജ്, മുസ്‌ലിം അസോസിയേഷൻ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, യുഐടി, എജെ കോളജ് ഓഫ് സയൻസ് ആൻഡ് ടെക്നോജി എന്നിവയാണ് ഒന്നാം സ്ഥാനം പങ്കിട്ടത്. ഞായറാഴ്ച നടക്കേണ്ട ദഫ്മുട്ട് മത്സരം പ്രധാനവേദിയായ അമ്പലപ്പുഴ ഗവ. കോളേജിൽ തിങ്കൾ രാവിലെയാണ് നടന്നത്.

വഞ്ചിപ്പാട്ടിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, സ്വാതിതിരുനാൾ സംഗീത കോളേജ്, കൊല്ലം എസ്എൻ കോളേജ്, തിരുവൻവണ്ടൂർ ശ്രീ അയ്യപ്പ കോളേജ്, വഴുതക്കാട് ഗവ. വനിത കോളേജ്, നങ്ങ്യാർകുളങ്ങര ടികെഎംഎം കോളേജ്, മാർ ഇവാനിയോസ് കോളേജ് എന്നിവയ്ക്കാണ് ഒന്നാം സ്ഥാനം. 43 കോളേജാണ് മത്സരിച്ചത്.

## ഒരുകൊട്ട പൊന്നുണ്ടല്ലോ...

**അമ്പലപ്പുഴ**

പട്ടുചുറ്റി അണിഞ്ഞൊരുങ്ങി മൈലാഞ്ചി മൊഞ്ചിൽ മണവാട്ടിയും തോഴികളും കൈകൊട്ടി പാടുമ്പോൾ ഒപ്പം താളമിട്ട് സദസും. കലോത്സവവേദികളിലെ ഗ്ലാമർ ഇനമായ ഒപ്പനയ്ക്ക് തുള്ളൽ പിറന്ന മണ്ണിലും ആസ്വാദകരേറെ. രണ്ടാം വേദിയിൽ ഉച്ചകഴിഞ്ഞ് മത്സരം തുടങ്ങും മുമ്പേ സദസ് നിറഞ്ഞു. 37 ടീം പങ്കെടുത്ത മത്സരം രാത്രി ഏറെ വൈകിയാണ് അവസാനിച്ചത്. നബിയുടെയും ഖദീജബീവിയുടെയും കല്യാണക്കഥയാണ് സദസ് കീഴടക്കിയത്. ഓരോന്നും മികച്ചനിലവാരം പുലർത്തി. തനത് വേഷവിധാനങ്ങളാണ് ടീമുകളിൽ ഏറെയും തെരഞ്ഞെടുത്തത്.



ഒപ്പന (വിമൻസ് കോളേജ് വഴുതക്കാട്, തിരുവനന്തപുരം)



നന്ദകിഷോർ, നാടോടിനൃത്തം ഒന്നാംസ്ഥാനം (മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം)

## നാടോടിയാക്കി പൗരത്വനിയമം

പറഞ്ഞുപഴകിയ പതിവ് നാട്ടുകഥകൾക്കൊപ്പം പൗരത്വ നിയമം പാടിയാടി നാടോടിനൃത്തവേദി. പിറന്ന നാട്ടിൽ നാടോടിയാകേണ്ടി വരുന്ന പൗരത്വനിയമം നാടോടിനൃത്തത്തിൽ വിഷയമാക്കിയത് തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിലെ നന്ദകിഷോറാണ്. ആൺകുട്ടികളുടെ വിഭാഗത്തിൽ ഒന്നാംസ്ഥാനം നന്ദകിഷോർ ചേർത്തല എസ് എൻ കോളേജിലെ എസ് വിഷ്ണുവുമായി പങ്കിട്ടു.

പതിവ് പ്രമേയങ്ങളെങ്കിലും വേറിട്ട അവതരണരീതിയിൽ മിക്ക മത്സരാർഥികളും മത്സരം കടുപ്പമാക്കി. മനുഷ്യന് ജാതിയൊന്ന് എന്നുറക്കെ പറഞ്ഞും പറശിനിക്കടവ് മുത്തപ്പന്റെ കഥ പറഞ്ഞും വേദി ഇളകിമറിഞ്ഞു. 47 പേരാണ് മത്സരിച്ചത്.



ഒപ്പനമത്സരം കാണാനെത്തിയ സദസ്




എസ് എച്ച് ഷഹനാസ്, നങ്ങ്യാർകൂത്ത് (ക്രൈസ്റ്റ് നഗർ കോളേജ്, തിരുവനന്തപുരം)